# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2621 10.12.2014 - ൽ മറുപടിയ്ക്ക്

## കരൾമാറ്റ ശസ്ത്രക്രിയ

| ചോദ്യം<br>ശ്രീ. കെ.കെ. ജയചന്ദ്രൻ: | മറുപടി<br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ ) കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ കരൾമാറ്റ ശസ്ത്രക്രിയകൾ നടത്തി വരുമ്പോൾ സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രസ്തുത സൗകര്യം ഒരുക്കാനാവാത്ത സാഹചര്യം വിശദീകരിക്കാമോ ;<br><br>(ബി) കരൾമാറ്റ ശസ്ത്രക്രിയയ്ക്ക് എന്തൊക്കെ സൗകര്യങ്ങളുടെ അഭാവമാണ് സർക്കാർ തലത്തിൽ നേരിടുന്നത് ; വിശദീകരണം നൽകാമോ ? | (എ) & (ബി) കരൾമാറ്റ ശസ്ത്രക്രിയ വളരെയധികം സൗകര്യങ്ങൾ വേണ്ട പദ്ധതിയാണ്. അതിൽ പ്രധാന ഘടകങ്ങൾ താഴെ സൂചിപ്പിക്കുന്നു.<br><br>(i) പ്രത്യേകം പരിശീലനം പഠിച്ചിട്ടുള്ള വിദഗ്ധ ഡോക്ടർമാർ നഴ്സിംഗ് സ്റ്റാഫ്, പാരാമെഡിക്കൽ സ്റ്റാഫ്, ഇതിൽ ട്രാൻസ് പ്ലാന്റ് സർജറി ടീം, ട്രാൻസ് പ്ലാന്റ് ലിവർ സ്പെഷ്യാലിറ്റി, ട്രാൻസ് പ്ലാന്റ് പാത്തോളജിസ്റ്റ്, ട്രാൻസ് പ്ലാന്റ് അനസ്തെറ്റിക് ടീം, ഇന്റെൻസീവ് കെയർ ടീം, ട്രാൻസ് ഫ്യൂഷൻ മെഡിസിൽ ടീം, ട്രെയിൻഡ് ഇൻഫെക്ഷൻ കൺട്രോൾ ടീം, ഇന്റർവെൻഷണൽ റേഡിയോളജി ടീം എന്നിവർ ഉൾപ്പെടുന്നു. ഇവർക്ക് മേജർ ട്രാൻസ് പ്ലാന്റ് സെന്ററുകളിൽ 6 മുതൽ 12 മാസം വരെ പരിശീലനം ആവശ്യമാണ്. ഇത്തരം പരിശീലനങ്ങൾ കൂടുതൽ വിദേശ രാജ്യങ്ങളിലാണ് ലഭ്യമായിട്ടുള്ളത്.<br><br>(ii) പ്രത്യേകം സംവിധാനം ചെയ്തിട്ടുള്ള ഓപ്പറേഷൻ തീയറ്ററുകളും ഇന്റൻസീവ് കെയർ യൂണിറ്റുകളും<br><br>(iii) രോഗനിർണ്ണയത്തിനും ഓപ്പറേഷനും പിന്നീടുള്ള അനുബന്ധ ചികിത്സകൾക്കും ആവശ്യമായ കൂടിയ മെഡിക്കൽ ഉപകരണങ്ങളും അവയുടെ പ്രവർത്തന വൈദഗ്ധ്യവും.<br><br>മേൽപ്പറഞ്ഞ ഘടകങ്ങൾ ഒരു മെഡിക്കൽ കോളേജിലും നിലവിൽ ലഭ്യമല്ല. ആയത് ഘട്ടം ഘട്ടമായി മാത്രമേ നടപ്പാക്കാൻ സാധിക്കുകയുള്ളൂ. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായി വരികയാണ് |

സെക്ഷൻ ഓഫീസർ